**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1417** **11-09-2023 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് മുനക്കൽ ഡോൾഫിൻ ബീച്ച് വികസിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ഏറ്റവും വലിയ ബീച്ചുകളിൽ ഒന്നായ കൈപ്പമംഗലം മണ്ഡലത്തിലെ അഴീക്കോട് മുനക്കൽ മുസിരിസ് ഡോൾഫിൻ ബീച്ചിനെ ആഗോളതലത്തിൽ അറിയപ്പെടുന്ന വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുന്നതിന് എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (എ) | അഴീക്കോട് മുനക്കൽ മുസിരിസ് ബീച്ച് നിലവിൽ ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ഹെറിറ്റേറ്റ് പ്രൊജക്ട് ആയ മുസിരിസ് പൈതൃക പദ്ധതിയിൽ 2019 ഡിസംബർ മുതൽ ഉൾപ്പെടുത്തി പരിപാലിച്ചു വരികയാണ്. പ്രസ്തുത സ്ഥലത്ത് 5.97 കോടി രൂപയുടെ സൗന്ദര്യവൽക്കരണ നവീകരണ പ്രവൃത്തികൾ നടന്നുവരുന്നു. ഇവ പൂർത്തീകരിക്കുന്നതോടൊപ്പം പ്രസ്തുത സ്ഥലത്തെ ലോകനിലവാരത്തിലുള്ള ബീച്ചുകളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ബ്ലൂ ഫ്ലാഗ് സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങി കഴിഞ്ഞു. സൗന്ദര്യ വൽകരണ നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടൊപ്പം വിദേശികളും സ്വദേശികളും ആയ സഞ്ചാരികളെ മുനക്കൽ മുസിരിസ് ബീച്ചിലേക്ക് ആകർഷിക്കുന്നതിനും അതോടൊപ്പം ലോക ശ്രദ്ധ ആകർഷിക്കുന്നതിനുമായി ഫെസ്റ്റിവൽ ഈവന്റുകൾ എന്നിവ നടത്തുന്നതിനും ഉദ്ദേശിക്കുന്നു. |
| (ബി) | പ്രസ്തുത ബീച്ചിന്റെ നിലവിലെ സ്ഥിതിയും ടൂറിസം സാധ്യതയും വിശദീകരിക്കുമോ? | (ബി) | സൗന്ദര്യവത്കരണത്തിന്റെ ഭാഗമായി പ്രസ്തുത ബീച്ചിന്റെ നവീകരണ പ്രവൃത്തികൾ നടന്നുവരുന്നു. നിലവിൽ പ്രസ്തുത സ്ഥലത്തിന്റെ ടൂറിസം സാധ്യതകൾ മുൻനിർത്തി മുസിരിസ് പ്രദേശം സന്ദർശിക്കാൻ എത്തുന്ന സഞ്ചാരികളെ മുസിരിസ് ബോട്ട് സർക്യൂട്ടിന്റെ ഭാഗമാക്കി മുനക്കൽ ബീച്ചിലും എത്തിക്കുന്ന പ്രാരംഭ നടപടികൾ ആവിഷ്കരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ